അനധികൃതമായി കശുവണ്ടി കടത്തൽ

1268 [2291] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി കള്ളക്കടത്ത് പിടിക്കാൻ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ചെക്ക്പോസ്റ്റുകളും, സ്ക്വാഡുകളും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുവോ;

(ബി) എങ്കിൽ എന്താണിതിനു കാരണം;

(സി) ഇതിനായി മറെറന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് കശുവണ്ടി സംഭരണകാലത്ത് മുൻ വർഷങ്ങളിലെപ്പോലെ കഴിഞ്ഞ സംഭരണ സീസണിലും നിലവിലുള്ള സംവിധാനത്തിനു പുറമേ കൂടുതലായി ചെക്ക്പോസ്റ്റുകളും, മൊബൈൽ സ്ക്വാഡുകളും ഏർപ്പെടുത്തിയിരുന്നു. അവ സീസൺ കഴിഞ്ഞപ്പോൾ പിൻവലിക്കുകയും ചെയ്തു.

(ബി, സി) ഇപ്പോൾ ആലോചന ഇല്ല.

ധാതു വിഭവങ്ങൾ

1269 [2292] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ധാതുവിഭവ സർവ്വേ നടത്തിയതു ഏതു വർഷത്തിലാണ്;

(ബി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കാഞ്ഞിരപ്പുഴ, തെന്മല തുടങ്ങിയ പ്രദേശങ്ങളിൽ ധാതുവിഭവം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ സംസ്ഥാന മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, കെ. എം. ഇ. ഡി. പി. എന്നീ ഏജൻസികളും വളരെ വർഷങ്ങളായി ധാതുവിഭവ സർവ്വേ നടത്തിവരുന്നു.

(ബി) ഉണ്ട്.

വന്യജീവികളുടെ സഞ്ചാരം

1270 [2294] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:
,, കെ. പി. പ്രഭാകരൻ:
,, വി. കെ. രാജൻ:
ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യത്തിന് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വനങ്ങളിൽനിന്ന് കുടിവെള്ളവും മേച്ചിൽ സ്ഥലങ്ങളും അന്വേഷിച്ച് വന്യജീവികളും തമിഴ്നാട്—കർണ്ണാടക അതിർത്തി കടന്നുപോകുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly